# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5643 — 27.10.2011 ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പിലെ ആർബിട്രേഷൻ കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) വകുപ്പിലെ ധനപരവും അല്ലാത്തതുമായ ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) വകുപ്പിലെ ധനപരമായ (Monetary) ആർബിട്രേഷൻ കേസുകൾ താലൂക്ക് തലത്തിൽ ആർബിട്രേഷൻ ആന്റ് എക്സിക്യൂഷൻ (എ & ഇ) ഇൻസ്പെക്ടർമാരും, യൂണിറ്റ് ഇൻസ്പെക്ടർമാരും കൈകാര്യം ചെയ്യുന്നതിന് പുറമേ കേരള സർവീസ് ചട്ടങ്ങൾ 156 പ്രകാരം സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക്/പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക്/ മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയുടെ അപേക്ഷ പ്രകാരം നിയമിച്ചിട്ടുള്ള സ്പെഷ്യൽ സെയിൽ ഓഫീസർമാരും, സഹകരണ സംഘം രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ എന്നിവർ ചുമതലപ്പെടുത്തുന്നതു പ്രകാരം അഡീഷണൽ രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലുള്ളവരും ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നു.<br>ധനപരമല്ലാത്ത (Non monitory) കേസുകൾ കൈകാര്യം ചെയ്യുന്നതിന്, തിരുവനന്തപുരം ആസ്ഥാനമായി ആരംഭിച്ചിട്ടുള്ള സഹകരണ ആർബിട്രേഷൻ കോടതിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ കേസുകളും കോഴിക്കോട് ആസ്ഥാനമായ സഹകരണ ആർബിട്രേഷൻ കോടതിയിൽ |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെയും കേസുകൾ കൈകാര്യം ചെയ്യുന്നു. |
| (ബി) | പ്രസ്തുത കേസുകൾ കൈകാര്യം ചെയ്യുന്നത് സഹകരണ നിയമത്തിലെ ഏത് വകുപ്പ്, ചട്ടം എന്നിവ പ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കേസുകൾ കൈകാര്യം ചെയ്യുന്നത് 1969 ലെ കേരള സഹകരണ നിയമത്തിലെ വകുപ്പ് 69, 70 (എ) ചട്ടം 67, 68 എന്നിവ പ്രകാരമാണ്. |
| (സി) | ധനപരമല്ലാത്ത കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകിയിട്ടുള്ളതെന്നും യാത്ര ബത്ത ഇനത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | ധനപരമല്ലാത്ത (Non monitory) കേസുകൾ കൈകാര്യം ചെയ്യുന്നതിന്, തിരുവനന്തപുരം ആസ്ഥാനമായി ആരംഭിച്ചിട്ടുള്ള സഹകരണ ആർബിട്രേഷൻ കോടതിയിൽ ഒരു പ്രിസൈഡിംഗ് ഓഫീസറേയും സഹകരണ വകുപ്പിൽ നിന്നും മൂന്ന് ഉദ്യോഗസ്ഥരെയും (അസിസ്റ്റന്റ് രജിസ്ട്രാർ -1, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1, ക്ലാസ്സ് ഫോർ - 1) ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറേയും നിയമിച്ചിട്ടുണ്ട്. കോഴിക്കോട് കോടതി 2010-11 സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിച്ചിരുന്നില്ല. തിരുവനന്തപുരം ആർബിട്രേഷൻ കോടതി തിരുവനന്തപുരത്തിന് പുറമേ ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ മാസംതോറും ഓരോ സിറ്റിംഗ് നടത്തുന്നുണ്ട്. യാത്രക്കായി ഒരു കാറും അനുവദിച്ചിട്ടുണ്ട്.<br>2010-11 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം കോടതിയിൽ പ്രിസൈഡിംഗ് ഓഫീസർക്ക് യാത്രാബത്ത ഇനത്തിൽ 44,414/- രൂപയും പ്രിസൈഡിംഗ് ഓഫീസറെ സഹായിക്കുന്നതിനായി പോകുന്ന ഉദ്യോഗസ്ഥന് യാത്രാബത്ത ഇനത്തിൽ 38,957/- രൂപയും ഉൾപ്പെടെ ആകെ 83,371/- രൂപ യാത്രാബത്ത നൽകിയിട്ടുണ്ട്. |
| (ഡി) | ധനപരമായ കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് | (ഡി) | ധനപരമായ കേസുകൾ കൈകാര്യം ചെയ്യുന്നത് സർക്കാർ ജീവനക്കാരായ ആർബിട്രേഷൻ ആന്റ് എക്സിക്യൂഷൻ (എ & ഇ) ഇൻസ്പെക്ടർമാരും സ്പെഷ്യൽ സെയിൽ ഓഫീസർമാരുമാണ്. |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടെന്നും യാത്രാബത്ത സ്ഥിരം യാത്രാബത്ത ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | | ഇവർക്ക് പ്രത്യേക സൗകര്യമൊന്നും നൽകിയിട്ടില്ല. ആർബിട്രേഷൻ ആന്റ് എക്സിക്യൂഷൻ ഇൻസ്പെക്ടർമാർക്ക് സ്ഥിരം യാത്രാബത്ത ഇനത്തിൽ 3,56,100/- രൂപ നൽകിയിട്ടുണ്ട്. സ്പെഷ്യൽ സെയിൽ ഓഫീസർമാർക്ക് അതാതു സംഘത്തിൽ നിന്നാണ് യാത്രാബത്ത നൽകുന്നത്. അവർക്ക് 2010 – 11 സാമ്പത്തിക വർഷം 23 ലക്ഷം രൂപയോളം യാത്രാബത്തയായി നൽകിയിട്ടുണ്ട്. മറ്റ് വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് ആർബിട്രേഷൻ കേസിനായി പ്രത്യേക യാത്രാബത്ത നൽകുന്നില്ല. |
| (ഇ) | ഉദ്യോഗസ്ഥർക്ക് വ്യത്യസ്തമായ സേവന സൗകര്യങ്ങൾ നൽകുന്നതിൽ അപാകതയുള്ളതായി കരുതുന്നുണ്ടോ; | (ഇ) | ഇല്ല |
| (എഫ്) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ? | (എഫ്) | ബാധകമല്ല |

സെക്ഷൻ ഓഫീസർ